LIBRARY ARCHIVES Kerala Legislative Assembly

സോളാർ കോഴ ആരോപണം

181 (1925) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ കോഴ ആരോപണങ്ങളെത്തുടർന്ന്, ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; ഡൽഹിയിലും സംസ്ഥാനത്തും കോഴ നൽകിയതായുള്ള ആരോപണം നിലനിൽക്കെ, സംസ്ഥാന വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്?

ഉത്തരം

സോളാർ കോഴ ആരോപണങ്ങളെത്തുടർന്ന് ഡൽഹി പോലീസ് കേസ് രജിസ്റ്റർ ചെയ്തതായി സർക്കാരിന് വിവരം ലഭിച്ചിട്ടില്ല. എന്നാൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ ശ്രീ. പി.ഡി. ജോസഫ് എന്നയാൾ സമർപ്പിച്ച ക്രിമിനൽ എം.പി. 135/2016-ൽ ബഹു. കോടതി 18-1-2016-ൽ മുഖ്യമന്ത്രിയടക്കം 8 പേർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്താൻ ഉത്തരവിട്ടിരുന്നു. എന്നാൽ ബഹു. മുഖ്യമന്ത്രി സമർപ്പിച്ച ഒ.പി.(ക്രിമിനൽ) 50/2016 (കൃ) നമ്പർ ഹർജിയിൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് 29-1-2016-ൽ ബഹു. ഹൈക്കോടതി 2 മാസത്തേയ്ക്ക് സസ്പെന്റ് ചെയ്യുകയുണ്ടായി.

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

182 (1926) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2013,2014,2015 വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രകാരം താഴെപ്പറയുന്ന കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം എത്രാം സ്ഥാനത്താണ്; ഓരോ കുറ്റകൃത്യങ്ങളുടെയും ആകെ എണ്ണം എത്ര; ഓരോ വർഷവും ഓരോ കുറ്റകൃത്യത്തിലും എത്ര ശതമാനം വർദ്ധനവ്/കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്; (a)സ്റ്റേറ്റിനെതിരായ കുറ്റകൃത്യങ്ങൾ. കുറ്റകൃത്യങ്ങളുടെ സ്വഭാവം വിശദീകരിക്കുമോ; (b) കൊലപാതകങ്ങൾ (c) കൊലപാതക ശ്രമങ്ങൾ (d) ആത്മഹത്യകൾ (e) കർഷക ആത്മഹത്യകൾ (f) ലൈംഗികാതിക്രമങ്ങൾ (g)സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ (h)കുട്ടികൾക്കു